**എക്സൈസ് കമ്മീഷണറുടെ നടപടിക്രമം, കേരളം, തിരുവനന്തപുരം**

(സാന്നിദ്ധ്യം:എസ്.ആനന്ദകൃഷ്ണൻ.ഐ.പി.എസ് )

വിഷയം :- എക്സൈസ് ഭരണപരം - എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർമാർക്ക് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1) 19.10.2019-ലെയും 09.10.2020-ലെയും 1074/XD3/ 2016/EXC നമ്പർ നടപടിക്രമങ്ങൾ.
2) 14.05.2020 -ലെ G.O(Rt) 312/2020/TD നമ്പർ ഉത്തരവ്.
3) 16.10.2020-ലെ XD3/248635/2020 നമ്പർ കത്ത്.
4) 24.02.2021-ലെ F1/260/2020/TD നമ്പർ സർക്കാർ കത്ത്.
5) ബഹു. കേരള ഹൈക്കോടതി OP(KAT) 323/2020-ൻമേൽ 16.10.2020-ൽ പുറപ്പെടുവിച്ച താൽക്കാലിക ഉത്തരവ്.
6) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 21.04.2021-ലെ MA 685/2021 in OA 418/2021 -ലെ താൽക്കാലിക ഉത്തരവ്.
7) 14.05.2021 തീയതിയിലെ XD3/248635/2020 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ XD3-248635/2020 തീയതി: 15.05.2021**

എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011-വരെയുള്ള കാലയളവിലെ 14 ജില്ലകളിലെയും ജില്ലാതല സീനിയോരിറ്റി ലിസ്റ്റുകൾ സൂചന (1)-ലെ ഉത്തരവുകൾ പ്രകാരം അന്തിമമായി പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത സീനിയോരിറ്റി ലിസ്റ്റുകൾക്കെതിരെ നിരവധി ജീവനക്കാർ സർക്കാരിൽ KS&SSR Rule 27(B) പ്രകാരം അപ്പീൽ പെറ്റിഷനുകൾ ഫയൽ ചെയ്യുകയും അതോടൊപ്പം ടി ലിസ്റ്റിനെതിരെ നിരവധി അന്യായങ്ങൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്യുകയും ചെയ്തിരുന്നു. മേൽ വ്യവഹാരങ്ങളിൽ പരാതിക്കാരെ സർക്കാർ നേരിൽ കേട്ട് അപ്പീൽ പെറ്റിഷനുകൾ തീർപ്പാക്കാൻ കോടതി ഉത്തരവായിരുന്നു. ടി കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിവിധ

ഡിവിഷനുകളിലെ പരാതിക്കാരെ സർക്കാർ നേരിൽ കേൾക്കുകയും പാലക്കാട്, മലപ്പുറം, കണ്ണൂർ ഡിവിഷനുകൾ ഒഴികെയുള്ള തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കാസർഗോഡ് എന്നീ ഡിവിഷനുകളിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതൽ 19.08.2011-വരെയുള്ള കാലയളവിലെ അന്തിമ ജില്ലാതല സീനിയോരിറ്റി ലിസ്റ്റുകൾ പുന:ക്രമീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചുവന്നിട്ടുള്ളതുമാണ്.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1666/2016 ലെ അന്തിമ വിധിയെത്തുടർന്ന് പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2003-മുതൽ 31.12.2008-വരെയുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റ് പുന:ക്രമീകരിക്കുന്നതിന് സൂചന (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത സീനിയോരിറ്റി ലിസ്റ്റ് പുന:ക്രമീകരിക്കുന്നതിനുള്ള നടപടികൾ തുടരവേ, ശ്രീ. രാജൻ മുതൽപേർ ഫയൽ ചെയ്ത OA 1293/2020 കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സൂചന (2) സർക്കാർ ഉത്തരവിൻമേലുള്ള അനന്തരനടപടികൾ താൽക്കാലികമായി സ്റ്റേ ചെയ്യുകയും ആയത് നിലവിലുള്ളതുമാണ്. 2003-08 കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോരിറ്റി ലിസ്റ്റ് പുന:ക്രമീകരിക്കുമ്പോൾ ആയത് 2009-11 കാലയളവിലെ സീനിയോരിറ്റി ലിസ്റ്റിനെയും ബാധിക്കുന്നതാണ്. 2003-2008 കാലയളവിലെ സീനിയോരിറ്റി ലിസ്റ്റ് പുന:ക്രമീകരിക്കുവാൻ സർക്കാർ പുറപ്പെടുവിച്ച സൂചന (2) ഉത്തരവിൻമേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സ്റ്റേ നിലനിൽക്കുന്നതിനാൽ ആയതിൻമേലുള്ള തുടർനടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്.

പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോരിറ്റി ലിസ്റ്റ് നിലവിൽ ഇല്ലാത്തത് കാരണം എക്സൈസ് വകുപ്പിലെ സൂപ്പർവൈസറി തസ്തികകളായ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ എന്നീ തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റം നൽകാൻ കഴിയാതെ വരുകയും പ്രസ്തുത തസ്തികകളിൽ യഥാക്രമം 63-ഉം, 101-ഉം ഒഴിവുകൾ ഉണ്ടാകുകയും ഓഫീസർമാരുടെ അഭാവത്തിൽ വകുപ്പിന്റെ

ദൈനംദിന പ്രവർത്തനങ്ങൾ ഗുരുതരമായി തടസ്സപ്പെടുകയും, ആയത് വകുപ്പിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുള്ള സാഹചര്യത്തിലും, പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് വേണ്ടി 2009-2011 കാലയളവിലെ 14 ജില്ലകളിലും പുറപ്പെടുവിച്ചിട്ടുള്ള അന്തിമ ജില്ലാതല സീനിയോരിറ്റി ലിസ്റ്റുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനതല സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കി ആയതിൽ നിന്നും അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് പ്രിവന്റീവ് ഓഫീസർമാർക്ക് KS & SSR Rule 31(a)(i) പ്രകാരം താൽക്കാലികമായി സ്ഥാനക്കയറ്റം നടത്തുന്ന കാര്യത്തിൽ സർക്കാരിൽ നിന്നും സ്പഷ്ടീകരണം സൂചന (3) കത്ത് പ്രകാരം ആരായുകയും ഇപ്പോൾ നിലവിലുള്ള സീനിയോരിറ്റി ലിസ്റ്റിൽ നിന്നും അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് KS & SSR Rule 31(a)(i) പ്രകാരവും മറ്റ് നിബന്ധനകൾക്കും വിധേയമായി താൽക്കാലിക പ്രൊമോഷൻ അനുവദിക്കുന്നതിന് സൂചന (4) കത്ത് പ്രകാരം സർക്കാർ അനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്.

ഇതു കൂടാതെ OA 618/2021 മേൽ വകുപ്പ് ഫയൽ ചെയ്ത MA 685/2021-ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 21.04.2021 തീയതിയിൽ താഴെപറയും പ്രകാരം ഉത്തരവിട്ടിരുന്നു.

----------------- *" We are inclined to modify the interim order dated 17/2/21 permitting the respondents to effect Provisional Promotions subject to further orders in the OA. It is made clear that promotions made to the Post of Assistant Excise Inspectors will be provisional and subject to further orders in this OA. Such Promotees shall not be given pay fixation in the promoted Post until the disposal of*

*the OA. It shall be specifically mentioned in the order of promotion itself that their promotions will be subject to review based on the final orders in the OA."*

വകുപ്പിൽ പ്രിവന്റീവ് ഓഫീസർമാരുടെ സംസ്ഥാനതല ഫൈനൽ സീനിയോരിറ്റി ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ നൽകുക എന്നതിലേയ്ക്ക് മാത്രമായി സൂചന (1)-ലെ ഉത്തരവുകളിലൂടെ പുറപ്പെടുവിച്ചിട്ടുള്ള പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009-മുതൽ 19.08.2011-വരെയുള്ള ജില്ലാതല സീനിയോരിറ്റി ലിസ്റ്റുകൾ ക്രോഡീകരിച്ച് ഒരു സംസ്ഥാനതല സീനിയോരിറ്റി ലിസ്റ്റ് സൂചന (7) പ്രകാരം തയ്യാറാക്കിയിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള യോഗ്യരായ സീനിയർമോസ്റ്റ് പ്രിവന്റീവ് ഓഫീസർമാരായ താഴെ പറയുന്ന 62 പേർക്ക് സൂചന സർക്കാർ നിർദ്ദേശത്തിന്റെയും കോടതി ഉത്തരവിന്റെയും അടിസ്ഥാനത്തിൽ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ Rule 31(a)(i) പ്രകാരം ചുവടെപറയുന്ന നിബന്ധനകൾക്കു വിധേയമായി താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

1) താൽക്കാലിക പ്രൊമോഷനുകൾ സീനിയോരിറ്റി സംബന്ധമായി നിലവിലുള്ള കോടതി കേസുകളിലെ അന്തിമ വിധിന്യായങ്ങൾക്ക് വിധേയമായിരിക്കും. പ്രസ്തുത താൽക്കാലിക പ്രൊമോഷനുകൾ മൂലം, പ്രൊമോഷൻ തസ്തികയിൽ സീനിയോരിറ്റി, പ്രൊബേഷൻ, ഭാവിയിൽ ടി തസ്തികയിലേയ്ക്കുള്ള റെഗുലർ പ്രൊമോഷനുകൾ എന്നിവയ്ക്ക് പ്രത്യേകിച്ച് അവകാശവാദങ്ങൾ ഉന്നയിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

2) ടി പ്രൊമോഷൻ ബഹു.കേരള ഹൈക്കോടതിയിൽ നിലവിലുള്ള OP (KAT) 323/2020, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് മുമ്പാകെ നിലവിലുള്ള OA 418/2021 ഉൾപ്പടെയുള്ള വിവിധ കേസുകളുടെ അന്തിമ ഉത്തരവുകൾക്ക് വിധേയമായിരിക്കും.

3) ഇപ്രകാരം സ്ഥാനക്കയറ്റം നേടുന്നവർക്ക് OA 418/2021-ൽ അന്തിമ വിധി ഉണ്ടാകുന്നതുവരെ സ്ഥാനക്കയറ്റം ലഭിച്ച തസ്തികയിൽ pay fixation-ന് അർഹതയുണ്ടായിരിക്കുന്നതല്ല.

| ക്രമ നംപർ | 01.01.2009-മുതൽ 19.08.2011 വരെയുള്ള സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം. | പേര് | നിലവിലെ ഡിവിഷൻ | താൽക്കാലിക പ്രൊമോഷൻ നൽകി നിയമിക്കുന്ന ഓഫീസ് |
|---|---|---|---|---|
| 1 | 3 | P.J.റ്റോംസി | കോട്ടയം | എക്സൈസ് റേഞ്ച് ഓഫീസ്, കോട്ടയം |
| 2 | 11 | മണികണ്ഠൻ.K | തൃശ്ശൂർ | എക്സൈസ് റേഞ്ച് ഓഫീസ്, ഇരിങ്ങാലക്കുട |
| 3 | 21 | R.രതീഷ് | തിരുവനന്തപുരം | എക്സൈസ് റേഞ്ച് ഓഫീസ്, തിരുവനന്തപുരം |
| 4 | 22 | പ്രശാന്ത്.P.R | പാലക്കാട് | എക്സൈസ് റേഞ്ച് ഓഫീസ്, ചിറ്റൂർ |
| 5 | 23 | A.നിഷാദ് | കൊല്ലം | എക്സൈസ് റേഞ്ച് ഓഫീസ്, ഏഴുകോൺ |
| 6 | 24 | G.ഫെമിൻ | ആലപ്പുഴ | എക്സൈസ് റേഞ്ച് ഓഫീസ്, എരുമേലി |
| 7 | 27 | G.S.സജിത് കുമാർ | തിരുവനന്തപുരം | എക്സൈസ് റേഞ്ച് ഓഫീസ്, നെയ്യാറ്റിൻകര |
| 8 | 29 | തമ്പി.A.G | കോഴിക്കോട് | എക്സൈസ് റേഞ്ച് ഓഫീസ്, കോഴിക്കോട് |
| 9 | 30 | J.റെജി | കൊല്ലം | എക്സൈസ് റേഞ്ച് ഓഫീസ്, കൊട്ടാരക്കര |

| | | | | |
|---|---|---|---|---|
| 10 | 31 | നിഷാന്ത്.K | പാലക്കാട് | എക്സൈസ് റേഞ്ച് ഓഫീസ്, കൊല്ലംകോട് |
| 11 | 32 | B.ദിനേശ് | കൊല്ലം | എക്സൈസ് റേഞ്ച് ഓഫീസ്, ചടയമംഗലം |
| 12 | 33 | സുധീർ.K.K | തൃശ്ശൂർ | എക്സൈസ് റേഞ്ച് ഓഫീസ്, തൃശ്ശൂർ |
| 13 | 34 | രാജേഷ്.N | പാലക്കാട് | എക്സൈസ് റേഞ്ച് ഓഫീസ്, ചെർപ്പുളശ്ശേരി |
| 14 | 35 | ദിലീപ്.C.P | കൊല്ലം | എക്സൈസ് റേഞ്ച് ഓഫീസ്, പത്തനാപുരം |
| 15 | 36 | A.P.ഷിഹാബ് | കൊല്ലം | എക്സൈസ് റേഞ്ച് ഓഫീസ്, അഞ്ചൽ |
| 16 | 38 | പ്രദീപ്.V.S | തൃശ്ശൂർ | എക്സൈസ് റേഞ്ച് ഓഫീസ്, ചാലക്കുടി |
| 17 | 39 | K.ശ്യംകുമാർ | കൊല്ലം | എക്സൈസ് റേഞ്ച് ഓഫീസ്, കഴക്കൂട്ടം |
| 18 | 40 | A.ഷെമീർ | പത്തനംതിട്ട | എക്സൈസ് റേഞ്ച് ഓഫീസ്, കോന്നി |
| 19 | 42 | സുരേഷ്.M | പാലക്കാട് | എക്സൈസ് റേഞ്ച് ഓഫീസ്, ഒറ്റപ്പാലം |
| 20 | 49 | P.G.രാജേഷ് | കോട്ടയം | എക്സൈസ് റേഞ്ച് ഓഫീസ്, പത്തനംതിട്ട |
| 21 | 50 | V.N. മഹേഷ് | തിരുവനന്തപുരം | എക്സൈസ് റേഞ്ച് ഓഫീസ്, തിരുപുറം |
| 22 | 52 | സിജോ.C.K | ഇടുക്കി | എക്സൈസ് റേഞ്ച് ഓഫീസ്, ദേവികുളം |
| 23 | 53 | കലാധരൻ.V | പാലക്കാട് | എക്സൈസ് റേഞ്ച് ഓഫീസ്, തൃത്താല |
| 24 | 55 | B.സഹീർഷ | കൊല്ലം | എക്സൈസ് റേഞ്ച് ഓഫീസ്, നെടുമങ്ങാട് |
| 25 | 56 | ഷിജു.E.T | കോഴിക്കോട് | എക്സൈസ് റേഞ്ച് ഓഫീസ്, കുന്നമംഗലം |
| 26 | 61 | T.ഷിജുമോൻ | മലപ്പുറം | എക്സൈസ് റേഞ്ച് ഓഫീസ്, നിലമ്പൂർ |
| 27 | 62 | K.R.രാംപ്രസാദ് | എറണാകുളം | എക്സൈസ് റേഞ്ച് ഓഫീസ്, എറണാകുളം |

| | | | | |
|---|---|---|---|---|
| 28 | 63 | R.S.രാജീഷ് | പത്തനംതിട്ട | എക്സൈസ് സ്പെഷ്യൽ സ്ക്വാഡ്, മാനന്തവാടി |
| 29 | 64 | റിമേഷ്.K.N | കോഴിക്കോട് | എക്സൈസ് റേഞ്ച് ഓഫീസ്, കൊയിലാണ്ടി |
| 30 | 65 | P.C.ഗിരീഷ് | ആലപ്പുഴ | എക്സൈസ് റേഞ്ച് ഓഫീസ്, മൂവാറ്റുപുഴ |
| 31 | 66 | V.സജീവ് | പത്തനംതിട്ട | എക്സൈസ് റേഞ്ച് ഓഫീസ്, അങ്കമാലി |
| 32 | 67 | T.A.പ്രമോദ് | ആലപ്പുഴ | എക്സൈസ് റേഞ്ച് ഓഫീസ്, കാലടി |
| 33 | 69 | അനീഷ് മോഹൻ.P | എറണാകുളം | എക്സൈസ് റേഞ്ച് ഓഫീസ്, നോർത്ത് പറവൂർ |
| 34 | 70 | മുഹമ്മദ് മുസ്തഫ.E | പത്തനംതിട്ട | എക്സൈസ് റേഞ്ച് ഓഫീസ്, പെരുമ്പാവൂർ |
| 35 | 71 | ജോർജ് ജോസഫ് | എറണാകുളം | എക്സൈസ് റേഞ്ച് ഓഫീസ്, കോതമംഗലം |
| 36 | 72 | ബിനീഷ് സുകുമാരൻ | കോട്ടയം | എക്സൈസ് റേഞ്ച് ഓഫീസ്, ഇടുക്കി |
| 37 | 75 | S.സുധീഷ് കൃഷ്ണ | തിരുവനന്തപുരം | എക്സൈസ് റേഞ്ച് ഓഫീസ്, അമരവിള |
| 38 | 77 | P.M.സുമേഷ് | ആലപ്പുഴ | എക്സൈസ് റേഞ്ച് ഓഫീസ്, പീരുമേട് |
| 39 | 78 | A.കുഞ്ഞുമോൻ | ആലപ്പുഴ | എക്സൈസ് റേഞ്ച് ഓഫീസ്, കട്ടപ്പന |
| 40 | 80 | A.S.ജയൻ | എറണാകുളം | എക്സൈസ് റേഞ്ച് ഓഫീസ്, കോലഴി |
| 41 | 81 | T.S.പ്രമോദ് | പത്തനംതിട്ട | എക്സൈസ് റേഞ്ച് ഓഫീസ്, വടക്കാഞ്ചേരി |
| 42 | 82 | S.സിയാദ് | പത്തനംതിട്ട | എക്സൈസ് റേഞ്ച് ഓഫീസ്, ഉടുമ്പൻചോല |
| 43 | 83 | വിപിൻദാസ്.A | പാലക്കാട് | എക്സൈസ് സ്പെഷ്യൽ സ്ക്വാഡ്, അട്ടപ്പാടി |
| 44 | 84 | സെന്തിൽ കുമാർ.C | പാലക്കാട് | എക്സൈസ് റേഞ്ച് ഓഫീസ്, കുഴൽമന്ദം |

| | | | | |
|---|---|---|---|---|
| 45 | 85 | G.അജികുമാർ | പത്തനംതിട്ട | എക്സൈസ് റേഞ്ച് ഓഫീസ്, പെരിന്തൽമണ്ണ |
| 46 | 86 | ഗംഗാധരൻ.K.P | കാസർഗോഡ് | എക്സൈസ് റേഞ്ച് ഓഫീസ്, കാസർഗോഡ് |
| 47 | 88 | K.അഭിലാഷ് | കോട്ടയം | എക്സൈസ് റേഞ്ച് ഓഫീസ്, ചേളന്നൂർ |
| 48 | 89 | തോമാസ് ദേവസ്സി | തൃശ്ശൂർ | എക്സൈസ് റേഞ്ച് ഓഫീസ്, ബാലുശ്ശേരി |
| 49 | 91 | M.അരുൺ | കോട്ടയം | എക്സൈസ് റേഞ്ച് ഓഫീസ്, തൊടുപുഴ |
| 50 | 93 | പ്രസാദ്.A.B | തൃശ്ശൂർ | എക്സൈസ് ചെക്ക്പോസ്റ്റ്, അഴിയൂർ |
| 51 | 94 | ദീപക്.B | ഇടുക്കി | എക്സൈസ് റേഞ്ച് ഓഫീസ്, തലശ്ശേരി |
| 52 | 95 | റിനോഷ്.R | പാലക്കാട് | എക്സൈസ് റേഞ്ച് ഓഫീസ്, സുൽത്താൻബത്തേരി |
| 53 | 96 | അരുൺകുമാർ.K | ഇടുക്കി | എക്സൈസ് റേഞ്ച് ഓഫീസ്, കൂത്ത് പറമ്പ് |
| 54 | 97 | അനുബാബു.B | ഇടുക്കി | എക്സൈസ് റേഞ്ച് ഓഫീസ്, മട്ടന്നൂർ |
| 55 | 98 | യൂനസ്.M | പാലക്കാട് | എക്സൈസ് റേഞ്ച് ഓഫീസ്, പയ്യന്നൂർ |
| 56 | 100 | T.പ്രിയലാൽ | ആലപ്പുഴ | എക്സൈസ് റേഞ്ച് ഓഫീസ്, ശ്രീകണ്ഠാപുരം |
| 57 | 101 | പ്രമോദ്.M.P | ഇടുക്കി | എക്സൈസ് റേഞ്ച് ഓഫീസ്, പിണറായി |
| 58 | 102 | T.H.ഷഫീഖ് | കോട്ടയം | എക്സൈസ് റേഞ്ച് ഓഫീസ്, ആലക്കോട് |
| 59 | 103 | സജിത്.K.S | പാലക്കാട് | എക്സൈസ് റേഞ്ച് ഓഫീസ്, ഹോസ്ദുർഗ്ഗ് |
| 60 | 104 | സജി.R | ഇടുക്കി | എക്സൈസ് റേഞ്ച് ഓഫീസ്, ബദിയടുക്ക |

| | | | | |
|---|---|---|---|---|
| 61 | 105 | മുരുഗദാസ്.A | പാലക്കാട് | എക്സൈസ് റേഞ്ച് ഓഫീസ്, ബന്തടുക്ക |
| 62 | 106 | വിപിൻകുമാർ.V | ഇടുക്കി. | എക്സൈസ് റേഞ്ച് ഓഫീസ്, വടകര |

ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ/ബന്ധപ്പെട്ട അധികാരികൾ മേൽ ജീവനക്കാരെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും, ജീവനക്കാർ നിയമനം ലഭിച്ച ഓഫീസുകളിൽ അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഒപ്പ്/-
എക്സൈസ് കമ്മീഷണർ

വ്യക്തികൾക്ക്

പകർപ്പ്:-

1) സെക്രട്ടറി, നികുതി (എഫ്) വകുപ്പ് (ആമുഖ കത്ത് സഹിതം)
2) അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
3) എക്സൈസ് വിജിലൻസ് ഓഫീസർ
4) ജോയിന്റ് എക്സൈസ് കമ്മീഷണർ എല്ലാം
5) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ എല്ലാം
6) ഐ.റ്റി.സെൽ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
7) ഉത്തരവ് ഫയൽ/കരുതൽ ഫയൽ

അംഗീകാരത്തോടെ,

സൂപ്രണ്ട്